ആനുകൂല്യങ്ങളും കുടികിടപ്പുകാരന് നേടിക്കൊടുക്കാനെന്നുള്ള വ്യാജേന സ്വകാര്യസ്വത്തുക്കളും കയ്യേറുന്ന അനീതിപരമായ പ്രവർത്തനം ആരു നടത്തിയാലും ഒരിക്കലും ഗവൺമെൻറ് അനുവദിക്കുകയില്ല. അതോടൊപ്പംതന്നെ, കുടികിടപ്പുകാരന് ആക്ടിൽ വ്യവസ്ഥചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളുടേയും പരമാവധി പ്രയോജനം അയാൾക്കു കിട്ടിയിരിക്കണമെന്നു ഗവൺമെൻറിന് നിർബന്ധവുമുണ്ട്.

കുടികിടപ്പുകാരനും ഭൂഉടമയും തമ്മിലുള്ള പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ കുടികിടപ്പുകാരനു കിട്ടേണ്ട ഭൂമി ലഭിക്കാനുതകുന്ന പരിപാടികൾക്ക് ഗവൺമെൻറ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നുണ്ട്. ഈ ആശയത്തിന് പരക്കെ പ്രചാരവും അംഗീകാരവും കിട്ടുന്നു എന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഏപ്രിൽ അവസാനത്തോടുകൂടി എറണാകുളം, ആലപ്പുഴ, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി ആയിരക്കണക്കിന് കുടികിടപ്പുകാർ അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമകളായി മാറും എന്നാണ് എന്റെ വിശ്വാസം. റവന്യൂവകുപ്പിലേയും വികസനവകുപ്പിലേയും ഉദ്യോഗസ്ഥൻമാരെ ഇതിലേക്ക് നിയമിച്ചിരിക്കുകയാണ്. ഇവർ ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ഉൽസാഹത്തോടും സമർപ്പണ മനോഭാവത്തോടും കൂടി പങ്കെടുക്കുന്നു എന്നു പറയാൻ എനിക്കു സന്തോഷമുണ്ട്. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ബന്ധപ്പെട്ട കക്ഷികളുടെ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം കുടികിടപ്പുകാരനു കൈമാറുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഈ നിയമം നടപ്പിലാക്കുന്നതോടൊപ്പംതന്നെ, ഈ ആക്ടിലെ ആനുകൂല്യങ്ങളും യാതൊരു കുടികിടപ്പുകാരനും നിഷേധിക്കപ്പെടാതിരിക്കത്തക്കവണ്ണം ഉടമസ്ഥാവകാശത്തെ സംബന്ധിച്ച രേഖകളും തയ്യാറാക്കുന്നതിനും നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും ഗവൺമെൻറുതലത്തിലുള്ള മെഷീനറി കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാമെന്നുള്ള മിഥ്യാബോധം ഗവൺമെൻറിനില്ലെന്നുള്ള കാര്യം കൂടി ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ: ഈ രാജ്യത്തെ പൊതുജനങ്ങളുടേയും, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും, അങ്ങോളമിങ്ങോളമുള്ള സാമൂഹ്യസംഘടനകളുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഇക്കാര്യത്തിൽ വളരെ ആവശ്യമാണ്. ഗവൺമെൻറ് സമാരംഭിച്ചിട്ടുള്ള ഈ ഭൂപരിഷ്ക്കരണ പ്രസ്ഥാനത്തിനു പിന്നിൽ അണിനിരക്കുവാനും അങ്ങനെ ഇതിനെ ഒരു യഥാർത്ഥ കാർഷിക വിപ്ലവമാക്കിത്തീർക്കാനും ഞാൻ എല്ലാവരോടും സവിനയം അഭ്യർത്ഥിക്കുന്നു.

സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ

ഭൂരഹിതരായ നിർദ്ധനർക്ക് സർക്കാർഭൂമി പതിച്ചുകൊടുക്കുന്ന പദ്ധതി വളരെ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ഒക്ടോബർ വരെയുള്ള കാലയളവിൽ ഏകദേശം 7,600 ഹെക്ടർ സർക്കാർഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. ഏതാണ്ട് 50,000 ഹെക്ടർ ഇനിയും വിതരണം ചെയ്യാനുണ്ട്. ഈ പദ്ധതിക്ക് ഉത്തേജനം നൽകിക്കൊണ്ട് അടുത്ത കാലത്തു നമ്മുടെ സംസ്ഥാനത്ത്. ഒരു ബഹുജനമുന്നേറ്റം ഉടലെടുത്തിട്ടുണ്ടെന്നു പ്രത്യേകം പ്രസ്താവ്യമാണ്. റവന്യൂഡിപ്പാർട്ടുമെൻറിന്റെ അധീനതയിലുള്ള ഭൂമിക്ക് പുറമേ 16,000 ഹെക്ടർ കൃഷിക്കുപയുക്തമായ വനപ്രദേശം തെളിയിച്ചു വിതരണത്തിനായി കൊടുക്കുന്നതാണ്. ഇതിന്റെ സിംഹഭാഗവും 1970–71-ൽ തന്നെ പതിച്ചുകൊടുക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. കോഴിക്കോട്ടെ കുത്താളി എസ്റ്റേറ്റിൽ 1,250 ഹെക്ടറോളം ഭൂമി പതിച്ചുകൊടുക്കുന്നതിനായി നീക്കിവച്ചിട്ടുണ്ട്. അനധികൃതമായ കയ്യേറ്റത്തിലുടേയോ, കാലഹരണപ്പെട്ട പാട്ടങ്ങളുടെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലോ കുട്ടനാട്ടിൽ ഏതാനും പൻകിടഭൂസ്വാമികൾ കായൽനിലങ്ങൾ കൈവശപ്പെടുത്തിയിട്ടുണ്ട്. ഈ ഭൂമി വീണ്ടെടുത്ത് അർഹരായവർക്ക് വിതരണം നടത്തുന്നതിനായി നടപടികൾ എടുത്തുവരുന്നു. ഇതുപോലെ മറ്റു പൻകിട ജൻമിമാരും കമ്പനിഉടമകളും അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് അവ വീണ്ടെടുക്കുന്നതിനായി ഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക വിഭാഗം സംഘടിപ്പിച്ചു പ്രവർത്തിച്ചുവരികയാണ്. ഗവൺമെൻറ് വക ഭൂമി കിട്ടിയവർക്ക് ബാങ്കുകളിൽ നിന്നും വായ്പലഭിക്കുന്നതിന് സഹായകരമായ രീതിയിൽ ഇപ്പോൾ കേരള ഭൂമി പതിവ് നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടെന്ന കാര്യം ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

ഭൂരഹിതരായ കൃഷിത്തൊഴിലാളികളെ പുറമ്പോക്കു ഭൂമികളിൽ അധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്. ഓരോ കുടുംബത്തിനും ഗ്രാൻറായി 825 രൂപയും വായ്പയായി 175 രൂപയും കിട്ടുന്നതിനുപുറമെ ധനസഹായം നൽകുന്നു. പത്തു ലക്ഷം രൂപ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

കൈത്തറിരംഗം

കൈത്തറിരംഗത്ത് കുറെക്കാലമായി അനുഭവപ്പെട്ടു വരുന്ന ഞെരുക്കങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും സ്വാഗതാർഹമായ ആശ്വാസം 1969-ൽ സംജാതമായിട്ടുണ്ട്. സംസ്ഥാനത്തിനകത്തുള്ള നെല്ലുല്പാദനത്തിൻെറ വർദ്ധനയും കേന്ദ്രത്തിൽനിന്നും ലഭിച്ച കൈത്തറിധാന്യങ്ങളുടെ അളവിലുള്ള വർദ്ധനയും കൈത്തറിനില മെച്ചപ്പെടുത്തുന്നതിനു സഹായിച്ചു. 1969-ൽ പ്രായപൂർത്തിയായ ഒരാളിന് പ്രതിദിനം 160 ഗ്രാം എന്ന തോതിൽ 34 ആഴ്ചകളോളം അരിറേഷൻ വിതരണം ചെയ്യാൻ സാധിച്ചു. ശേഷിച്ച കാലയളവിൽ പ്പോലും 120 ഗ്രാം എന്നകണക്കിന് റേഷൻ നൽകുകയുണ്ടായി. അരിയുടെ പ്രതിശീർഷലഭ്യത മുൻവർഷത്തിൽ 221 ഗ്രാം ആയിരുന്നുവെങ്കിൽ 1969-ൽ അത് 264 ഗ്രാമായി വർദ്ധിക്കുകയാണ് ചെയ്തത്. തൻമൂലം തുറന്ന കമ്പോളത്തിലുള്ള അരിയുടെ വിലക്കയറ്റം തടയുന്നതിനു സാധിച്ചു. നെല്ലെടുപ്പു സമയങ്ങളൊഴിച്ചുള്ള കാലങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള ചെക്കുപോസ്റ്റുകൾ നിറുത്തലാക്കിയതും മിച്ച സംസ്ഥാനങ്ങളിൽനിന്നും സാധാരണഗതിയിലുള്ള വാണിജ്യ മാർഗ്ഗങ്ങളിൽകൂടി കൈത്തറിധാന്യങ്ങൾ ഇറക്കുമതി ചെയ്യാൻ അനുവദിച്ചതും കൈത്തറിധാന്യങ്ങളുടെ മൊത്തവ്യാപാരവും വിതരണവും കൈത്തറിധാന്യ കോർപ്പറേഷനെ ഏൽപ്പിച്ചതുമാണ് ഈ ഗവൺമെൻറിൻെറ കൈത്തറിനയത്തിലെ എടുത്തുപറയാവുന്ന സവിശേഷതകൾ.

ഈ വർഷം ഫെബ്രുവരി ഒന്നാം തീയതി മുതൽ താൽക്കാലികമായി അരിറേഷൻ 120 ഗ്രാമായി കുറച്ചിട്ടും തുറന്ന കമ്പോളത്തിലെ അരിയുടെ വിലയ്ക്കും ലഭ്യതയ്ക്കും കാണത്തക്ക വ്യത്യാസം വന്നിട്ടില്ലെന്നുള്ളത് ശ്രദ്ധേയമത്രേ. അടുത്ത മാസം മുതൽ ഈ കുറവു പരിഹരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

മൽസ്യബന്ധനം

സംസ്ഥാനത്തിൻെറ എന്നു മാത്രമല്ല, നമ്മുടെ രാജ്യത്തിൻെറ തന്നെ സമ്പദ്ഘടനയിൽ മൽസ്യബന്ധനത്തിന് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. നമ്മുടെ രാജ്യത്തിൻെറ കടലോരങ്ങളിൽ പത്തു ശതമാനം മാത്രമേ കേരളത്തിനേറതായിട്ടുള്ളുവെങ്കിൽത്തന്നെയും മൊത്തം സമുദ്രോല്പന്നങ്ങളുടെ 40 ശതമാനവും കേരളത്തിൽനിന്നാണ് ലഭിക്കുന്നത്. മൽസ്യബന്ധനരംഗം യന്ത്രവൽക്കരിക്കുന്നതിനും നാം സ്തുത്യർഹമായ പുരോഗതി നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly